Circular No. 343

വിശ്വാസപരിശീലനദിനം 2025

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686 001

Date: 25/11/2025

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

2025 ഡിസംബർ 14 ഞായറാഴ്ച നമ്മുടെ അതിരൂപതയിൽ വിശ്വാസപരിശീലനദിനമായി ആചരിക്കുകയാണല്ലോ. എല്ലാവർക്കും വിശ്വാസപരിശീലനദിനത്തിന്റെ ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു. ഈശോയുടെ തിരുപ്പിറവിയ്ക്ക് ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ മംഗളവാർത്താക്കാലത്തിൽ വിശ്വാസം അടുത്ത തലമുറയ്ക്ക് പകർന്നു നൽകാൻ സ്വയം സമർപ്പിച്ചിരിക്കുന്നവരെ ആദരിക്കാനും അവരോടുള്ള നന്ദി പ്രകാശിപ്പിക്കാനുമുള്ള അവസരമായി കാണണം. വിശ്വാസ പരിശീലനം സഭാസമൂഹത്തിന്റെ കൂട്ടുത്തരവാദിത്വവും കടമയുമാണെന്ന് തിരിച്ചറിഞ്ഞ് നമ്മുടെ മക്കളുടെ വിശ്വാസ പരിശീലനത്തിൽ നിതാന്ത ജാഗ്രതയുള്ളവരാകാൻ ഈ ദിനം നമ്മോട് ആഹ്വാനം ചെയ്യുന്നു. വിശ്വാസപരിശീലനം അഥവാ മതപഠന ക്ലാസ്സുകൾ അന്ധകാരത്തിൽ പ്രകാശം പകരുന്ന ശുശ്രൂഷയാണ്. ഈശോയ്ക്ക് വഴിയൊരുക്കുവാൻ വന്ന സ്നാപകയോഹന്നാനെപ്പോലെ നമ്മുടെ എല്ലാ വിശ്വാസ പരിശീലകരും ക്രിസ്തുവിലേയ്ക്കുള്ള വഴികാട്ടികളാണ്. സംഘർഷങ്ങളും ഉത്കണ്ഠകളും അനിശ്ചിതത്വങ്ങളും നിറഞ്ഞു നിൽക്കുന്ന ഈ കാലഘട്ടത്തിൽ വിശ്വാസപരിശീലകരെന്ന നിലയിൽ മാതാപിതാക്കളും വൈദികരും സമർപ്പിതരും മതാദ്ധ്യാപകരും ചെയ്യുന്ന ശുശ്രൂഷ പ്രകാശത്തിന്റെ ശുശ്രൂഷയാണ്.

ജീവിതമാതൃക, ക്രൈസ്തവസാക്ഷ്യം, മതബോധന ക്ലാസ്സുകൾ എന്നിവയിലൂടെ നമ്മുടെ മക്കളെ വിശ്വാസ ജീവിതത്തിൽ വളർത്താൻ പരിശ്രമിക്കുമ്പോൾ ഇരുട്ടിൽ

വിളക്ക് കത്തിക്കുന്നവരായി നിങ്ങൾ മാറുകയാണ്. ''ഇരുട്ടിൽ കഴിഞ്ഞിരുന്ന ജനം വലിയ പ്രകാശം കണ്ടുവെന്ന്'' ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ടല്ലോ. (ഏശയ്യ 9:2). അന്ധകാരത്തിന്റെ സ്വാധീനം നിറഞ്ഞുനിൽക്കുന്ന ഈ കാലഘട്ടത്തിൽ അന്ധകാരത്തെ നീക്കി ക്രിസ്തുവാകുന്ന പ്രകാശത്തിലേയ്ക്ക് നോക്കി ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി ജീവിക്കാൻ ഈ തലമുറയെ ഒരുക്കുക എന്നതാണല്ലോ വിശ്വാസപരിശീലകർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഈ വിശ്വാസപരിശീലനദിനത്തിൽ നമ്മുടെ മക്കളുടെ വിശ്വാസരൂപീകരണം ഏറ്റെടുത്തിരിക്കുന്ന എല്ലാ ബഹു. വൈദികരെയും സമർപ്പിതരെയും വിശ്വാസപരിശീലകരെയും ഞാൻ നന്ദിയോടെ ഓർക്കുകയും നിങ്ങളുടെ നിസ്വാർത്ഥമായ സേവനത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. നിങ്ങളുടെ ശുശ്രൂഷ കേവലം അറിവ് പകർന്നുനൽകൽ മാത്രമല്ല; അത് സുവിശേഷ പ്രഘോഷണവും ജീവിതസാക്ഷ്യവുമാണ്. ആരംഭത്തിലെ സൂചിപ്പിച്ചതുപോലെ വിശ്വാസപരിശീലനം സഭയുടെ കൂട്ടുത്തരവാദിത്വമാണ്. മാതാപിതാക്കളാണല്ലോ തങ്ങളുടെ മക്കളുടെ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ വിശ്വാസപരിശീലകർ. വിശ്വാസം ജീവിക്കുകയും ചർച്ചചെയ്യുകയും ആഘോഷിക്കുകയും ചെയ്യുന്ന ഭവനങ്ങൾ നമ്മുടെ മക്കളുടെ പ്രഥമവും പ്രധാനവുമായ വിശ്വാസപരിശീലന ക്ലാസ്സുകളാണ്. മാതാപിതാക്കളും മക്കളും ഒരുമിച്ച് നടത്തുന്ന കുടുംബപ്രാർത്ഥനകളും മാതാപിതാക്കളുടെ ക്രൈസ്തവ സാക്ഷ്യജീവിതവും കൗദാശിക ജീവിതവും ക്രിസ്തുവിന്റെ മൗതികശരീരമായ തിരുസഭയോടുള്ള ആഴമായ ബന്ധവും ക്നാനായ കത്തോലിക്കരെന്ന നിലയിൽ നമ്മുടെ സമുദായത്തോടുള്ള സ്നേഹവും കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ കൂടുതൽ സ്വാധീനം ചെലുത്തുമെന്നതിൽ സംശയമില്ല. മക്കൾക്ക് ഉള്ളതെല്ലാം നൽകുന്നതിലല്ല, ക്രിസ്തുവിനെയും അവന്റെ സുവിശേഷത്തെയും നൽകുന്നതിലാണ് അവരുടെ ഭാവി സുരക്ഷിതമാകുന്നതെന്നും ദൈവഹിതപ്രകാരമാകുന്നതെന്നും ഈ ദിനത്തിൽ ഞാൻ നിങ്ങളെ സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

ആർട്ടിഫിഷൽ ഇന്റലിജെൻസിന്റെ ഈ കാലഘട്ടത്തിൽ നമ്മുടെ വിശ്വാസപരിശീലനക്ലാസ്സുകൾ കാലാതീതമായ സത്യത്തിൽ വേരൂന്നിയതും സമകാലിക ആവശ്യങ്ങളോട് പ്രതികരിക്കുന്നതുമായിരിക്കണം. പുതിയ രീതികളും സാങ്കേതിക വിദ്യകളും നമ്മുടെ മതബോധന ക്ലാസ്സുകളിൽ ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നമ്മുടെ വിശ്വാസപരിശീലനത്തിന്റെ ആത്യന്തികമായ ലക്ഷ്യം ക്രിസ്തുവിനെ ഏക രക്ഷകനായി ഏറ്റുപറയാൻ ഈ തലമുറയെ ഒരുക്കുക എന്നതാണ്.

പ്രിയ കുഞ്ഞുങ്ങളേ, സുവിശേഷത്തിലെ ഈശോയെ അടുത്തറിയാനും ആ ഈശോയോടുള്ള സ്നേഹത്തിൽ വളരാനും ക്രിസ്തുവിന്റെ മൗതികശരീരമായ പരിശുദ്ധ കത്തോലിക്കാസഭയിൽ അംഗമായതിൽ അഭിമാനിക്കാനും നമ്മുടെ സമുദായത്തോടുള്ള സ്നേഹത്തിൽ വളരാനും ഈശോയെ ഏകരക്ഷകനായി ഏറ്റുപറയാനും വിശ്വാസപരിശീലന ക്ലാസ്സുകൾ നിങ്ങളെ സഹായിക്കട്ടെ. നമ്മുടെ അതിരൂപതയിൽ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകികൊണ്ടിരിക്കുന്ന അതിരൂപത വിശ്വാസപരിശീലന കമ്മീഷനും കമ്മീഷനോട് ചേർന്ന് നമ്മുടെ ഇടവകകളിൽ വിശ്വാസപരിശീലനം ഏറ്റവും ഭംഗിയായി നടത്തികൊണ്ടിരിക്കുന്ന എല്ലാ ബഹു.വൈദികരെയും സമർപ്പിതരെയും മതാദ്ധ്യാപകരെയും മാതാപിതാക്കളെയും ഈ ദിനത്തിൽ പ്രത്യേകമായി ഓർമ്മിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ ക്രിസ്തുമസ് ഒരുക്കകാലത്ത് വിശ്വാസപരിശീലനദിനമാചരിക്കുമ്പോൾ വിശ്വാസികളുടെ അമ്മയായ പരിശുദ്ധ മറിയത്തെ നമ്മുടെ മാതൃകയായി സ്വീകരിക്കാം. മറിയം വചനത്തെ തന്റെ ഹൃദയത്തിൽ ധ്യാനിച്ചു സൂക്ഷിച്ചു, ജീവിതത്തെ പൂർണ്ണമായി രൂപാന്തരപ്പെടുത്താൻ മറിയം അനുവദിച്ചു. ദൂതന്റെ വചനം പൂർണ്ണമായി മനസ്സിലാകാതിരുന്നപ്പോഴും ദൈവത്തിന്റെ പദ്ധതിയോട് ആമ്മേൻ പറഞ്ഞു. യേശുവിന്റെ ശൈശവത്തിൽ അവനെ പഠിപ്പിച്ചു, കുരിശിന്റെ ചുവട്ടിൽ വിശ്വസ്തയായി നിന്നു. വിശ്വാസവളർച്ചയിൽ ക്ഷമയുടെ പ്രാധാന്യം മറിയം തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിച്ചു; അവൾ കാത്തിരുന്നു,

വിശ്വസിച്ചു. സന്തോഷങ്ങളിലും സങ്കടങ്ങളിലും വിശ്വസ്തയായി തുടർന്നു. വിശ്വാസപരിശീലനം പെട്ടെന്ന് പൂർത്തിയാക്കേണ്ട ഒരു പദ്ധതിയല്ല. ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കുന്ന ഒരു യാത്രയാണെന്ന് പരി. അമ്മ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈശോയുടെ മനുഷ്യാവതാരത്തിന്റെ ഈ ജൂബിലി വർഷത്തിൽ വിശ്വാസപരിശീലനദിനം ആചരിക്കുമ്പോൾ നമുക്ക് ലഭിച്ച വിശ്വാസം നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുവാൻ നാം ഓരോരുത്തരും പരിശ്രമിക്കണം. നമ്മുടെ കുടുംബങ്ങളിൽ മാതാപിതാക്കളും മക്കളും ഒത്തൊരുമിച്ച് വിശ്വാസപരിശീലനത്തിൽ പങ്കാളികളാകണം. യുവജനങ്ങളെയും കുഞ്ഞുങ്ങളെയും വിശ്വാസ ജീവിതത്തിലേക്ക് കൊണ്ടുവരാനും വിശ്വാസത്തിൽ നിലനിർത്താനും വിശ്വാസപരിശീലനദിനം സഹായിക്കട്ടെ.

എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും വിശ്വാസപരിശീലനദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും നിങ്ങൾക്കേവർക്കും നേർന്നു കൊണ്ടും

സ്നേഹപൂർവ്വം,

✠ മാർ മാത്യു മൂലക്കാട്ട്

കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ 2025 ഡിസംബർ14-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രകാഴ്ച്ച അതിരൂപത കേന്ദ്രത്തിലേക്ക് സൗത്ത് ഇന്ത്യൻ ബാങ്കിലെ A124A11CSC എന്ന Virtual അക്കൗണ്ട് നമ്പറിനോടുകൂടി അതത് ഇടവകകൾക്കായി നൽകിയിരിക്കുന്ന കോഡ് നമ്പർ കൂടി ചേർത്ത് കഴിവതും വേഗം അയച്ചുതരേണ്ടതുമാണ്.